**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 171** **07-06-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri M. V. Govindan Master<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗണിന്റെ മറവിൽ കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു മാസത്തിനിടെ ഈ വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ മദ്യം പിടിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2021 മെയ് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ 128 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്ത് 4087 ലിറ്റർ അന്യ സംസ്ഥാനത്തിൽ നിന്നുള്ള മദ്യവും, 48 ലിറ്റർ ചാരായവും, 2385 ലിറ്റർ വാഷും, മദ്യം കടത്താൻ ഉപയോഗിച്ച 37 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. പിടിച്ചെടുത്ത അന്യ സംസ്ഥാന മദ്യത്തിന് ഉദ്ദേശം 20 ലക്ഷം രൂപ വില വരും. |
| (സി) | ഇത് തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കാസർഗോഡ് ഡിവിഷനിൽ 2 താലൂക്ക് തല സ്ട്രൈക്കിങ് ഫോഴ്സും, ഒരു ബോർഡർ പട്രോൾ യൂണിറ്റും 24 മണിക്കൂറും പ്രവർത്തിച്ച് അതിർത്തി പ്രദേശങ്ങൾ വഴി വരുന്ന വാഹനങ്ങൾ പരിശോധിച്ചും പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഉടൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രയിൻ മാർഗ്ഗം മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് റെയിൽവെ സംരക്ഷണ സേനയുമായി സഹകരിച്ചും, തീരദേശ/മലയോര മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹായത്തോടെയും സംയുക്ത പരിശോധനകൾ നടത്തി വരുന്നുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ അടഞ്ഞുകിടക്കുന്ന മദ്യഷാപ്പുകളുടെ പരിസരത്ത് പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു |

സെക്ഷൻ ഓഫീസർ